(തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.- പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ലാബ് പരിശോധനാ സൗകര്യം

19 (2293) ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാബ് പരിശോധനാ സൗകര്യങ്ങളില്ലാത്ത ആശുപത്രികളുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര വീതം;

(ബി) ലാബ്പരിശോധനാ സൗകര്യങ്ങളില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുമുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിലും ഓരോ ജില്ലയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രികൾ ഉൾപ്പെടെ ആവശ്യമായ എല്ലായിടങ്ങളിലും പരിശോധനാ ലാബുകൾ ആരംഭിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്തുന്നരോഗികളിൽ എത്ര ശതമാനം സ്വകാര്യ ലാബുകളെ ആശ്രയിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും ലബോറട്ടറി സംവിധാനം ലഭ്യമാണ്. എന്നാൽ എല്ലാ പ്രാഥമിക/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനം ലഭ്യമായിട്ടില്ല. ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിവരുന്നു.

GPM. 2/236/2020-14

LIBRARY ARCHIVES Kerala Legislative Assembly